# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1545** — 14-12-2012-ൽ മറുപടിക്ക്

### കെട്ടിട നികുതി നിരക്ക്

| ചോദ്യം<br>**ശ്രീ. കെ.ദാസൻ** | ഉത്തരം<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കെട്ടിട നികുതി നിരക്ക് നിലവിൽ വന്നത് എന്നാണ്; | (എ) സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിടങ്ങളുടെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കുന്നതിനായി അടിസ്ഥാന വസ്തു നികുതി നിരക്കുകളും (സ.ഉ (അ)നമ്പർ17/2011/ ത.സ്വ.ഭ.വ.),കേരളമുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും (സ.ഉ (അ)നമ്പർ18/2011/ത.സ്വ.ഭ.വ.), 14.01.2011-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലും കെട്ടിട നികുതി നിരക്ക് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) നിലവിലുള്ള നിരക്ക് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് കെട്ടിട നികുതി പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br>(ഡി) പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) (സി) & (ഡി) വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അധികാരവികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് കേരള പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി ആക്റ്റുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. (2012-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസും കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസും). ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ